**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6598** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ അധിക ബാച്ചുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; കൂടുതൽ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എൻറോൾ ചെയ്യിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) 2019-20 അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ 938114 വിദ്യാർത്ഥികൾ പഠിക്കുന്നു. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിലും ന്യൂ ജനറേഷൻ ഇന്റർ ഡിസിപ്ലിനറി സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ 2021 അക്കാദമിക് വർഷം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലായി 397 പുതിയ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ സർക്കാർ നിയന്ത്രിത കോളേജുകളിലും സ്വാശ്രയ കോളേജുകളിലുമായി 495 പുതിയ യു.ജി/പി.ജി പ്രോഗ്രാമുകൾ അനുവദിച്ചു. ഇവയിൽ കൂടുതലും ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എഞ്ചിനീയറിംഗ്, മെഷീൻ ലേർണിംഗ്, ഡേറ്റാ സയൻസ്, അഞ്ചുവർഷ ഇൻറഗ്രേറ്റഡ് എം.എ, എം.എസ്.സി പ്രോഗ്രാമുകൾ, നാനോ സയൻസ്, ലോജിസ്റ്റിക്സ്, ഡിജിറ്റൽ സർവ്വേയിംഗ്, ഫിനാൻഷ്യൽ മാർക്കറ്റിംഗ് തുടങ്ങിയ പുതുതലമുറ പ്രോഗ്രാമുകളാണ്. തത്ഫലമായി കോളേജുകളിൽ 20000 സീറ്റുകൾ വർദ്ധിച്ചു. സർക്കാർ ലോ കോളേജുകളിൽ പുതുതായി അഞ്ച് ബാച്ചുകൾ കൂടി അനുവദിച്ചുകൊണ്ട് നിയമപഠനം ആഗ്രഹിക്കുന്നവർക്ക് കൂടുതൽ പഠനസൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. ഈ നടപടികൾ ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ മേഖലയിൽ എൻറോൾമെൻറ് വർദ്ധിപ്പിക്കാൻ ഇടയാകുന്ന സൂചികകളാണ്. |
| (ബി) | അതിന്റെ ഭാഗമായി സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അധിക ബാച്ചുകൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ന്യുവാൽസിൽ പി.ജി. ഡിപ്ലോമ കോഴ്സ് ഇൻ എഡ്യൂക്കേഷൻ ലോ ആന്റ് മാനേജ്മെന്റ് എന്ന കോഴ്സ് ഈ വർഷവും, ത്രിവത്സര എക്സിക്യൂട്ടീവ് എൽ.എൽ.എം. എന്ന കോഴ്സ് അടുത്ത വർഷം മുതലും ആരംഭിക്കുന്നുണ്ട്. 2021-22 അധ്യയന വർഷത്തിൽ കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല എന്നിവയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ